# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

### കെട്ടിട നിർമ്മാണ ചട്ടങ്ങൾ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 1686 10.02.2020- ൽ മറുപടി നൽകേണ്ടത്

| ചോദ്യം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | | മറുപടി<br>ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ സർക്കാർ സമഗ്രമായ ഭേദഗതി കൊണ്ടുവന്നിട്ടുണ്ടോ ; വിശദമാക്കുമോ; | (എ) | ഉണ്ട്. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം 1999, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം 2011 ഇവ പരിഷ്കരിച്ച് കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം 2019, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം 2019 ഇവ 08.11.2019 ൽ നിലവിൽ വന്നിട്ടുണ്ട്.<br>കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിൽ കൂടുതൽ സുതാര്യത വരുത്തുന്നതിന് ആവശ്യമായ സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിനും ചട്ടങ്ങളിലെ വ്യവസ്ഥകൾ ജന സൗഹൃദമാക്കുന്നതിനും ചട്ടങ്ങളിലെ അവ്യക്തത ഒഴിവാക്കുന്നതിനുമാണ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പരിഷ്കരിക്കേണ്ടി വന്നത്. കൂടാതെ കേന്ദ്ര പദ്ധതികളായ അമൃത്, സ്മാർട്ട് സിറ്റി എന്നിവയിൽ മോഡൽ ബിൽഡിംഗ് ബൈലോയ്ക്ക് അനുസൃതമായി ചട്ടങ്ങൾ പരിഷ്കരിക്കണമെന്ന് നിർദ്ദേശിക്കുന്നുണ്ട്. ആയതിന്റെ കൂടി അടിസ്ഥാനത്തിലാണ് ചട്ടങ്ങൾ പരിഷ്കരിച്ചിട്ടുള്ളത്. |
| (ബി) | വസ്തുവിന് മുന്നിലൂടെ റോഡ് ഉണ്ടെങ്കിൽ മൂന്ന് സെന്റ് പ്ളോട്ടുകാരും 3 മീറ്റർ ഒഴിച്ചിടണമെന്ന ഭേദഗതി കൊണ്ടുവന്നിട്ടുണ്ടോ; | (ബി) | വസ്തുവിന്റെ മുന്നിലുള്ള റോഡ് നാഷണൽ ഹൈവേ, സ്റ്റേറ്റ് ഹൈവേ, ജില്ല റോഡുകൾ, കേരള മുനിസിപ്പാലിറ്റി ആക്ട് , കേരള പഞ്ചായത്ത് രാജ് ആക്ട് ഇവ പ്രകാരം |